"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസറായിരുന്ന അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. രമേഷ് കെ.എസ്. -ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2954/2025/LSGD തീയതി,തിരുവനന്തപുരം, 14-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 731/2024/തസ്വഭവ. തീയതി 06.04.2024.
2. സ.ഉ.(സാധാ) നം. 1866/2024/LSGD തീയതി 06.10.2024.
3. സ.ഉ.(സാധാ) നം. 907/2025/LSGD തീയതി 15.04.2025.
4. ശ്രീ. രമേഷ് കെ.എസ്. ന്റെ 15.05.2025-ലെ അപേക്ഷ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.06.2025-ലെ LSGD/PD/17008/2025-DEA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാ അസിസ്റ്റന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 20.03.2024 ന് നടന്ന വസ്തു നികുതി പിരിവ് അവലോകന യോഗത്തിൽ, ഇന്റേണൽ വിജിലൻസ് ഓഫീസറായിരുന്ന ശ്രീ. രമേഷ് കെ.എസ്, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ക്ലർക്കായ ശ്രീമതി അഭിരാമി യു.എസ്-നെ ജീവനക്കാരുടെ മുന്നിൽ വച്ച് വ്യക്തിഹത്യ നടത്തുന്ന രീതിയിൽ സംഭാഷണം നടത്തി മാനസികമായി പീഡിപ്പിച്ചതിനെ തുടർന്ന് ടിയാൾ ബോധരഹിതയായി വീണ് പരിക്ക് പറ്റിയതുമായി ബന്ധപ്പെട്ട് ശ്രീ. രമേഷ് കെ.എസ്. നെ അന്വേഷണ വിധേയമായി പരാമർശ് (1) പ്രകാരം സസ്പെന്റ് ചെയ്തിരുന്നു.

2. തുടർന്ന്, ശ്രീ. രമേഷ് കെ.എസ്. നെ അച്ചടക്ക നടപടിക്ക് വിധേയമായി ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് പരാമർശം (2) പ്രകാരം സർവ്വീസിൽ പുനപ്രവേശിപ്പിക്കുകയും അതനുസരിച്ച് ടിയാൻ പത്തനംതിട്ട ജില്ലയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 16.10.2024-ന് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ശ്രീ. രമേഷ് കെ.എസ്. നെതിരെ KCS (CC & A) Rules, 1960 ലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (3) പ്രകാരം സെൻഷ്വർ നൽകി തീർപ്പാക്കിയിട്ടുണ്ട്.

3. സസ്പെൻഷനിലായിരുന്ന **06.04.2024** മുതൽ **05.10.2024** വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ക്രമവൽക്കരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. രമേഷ് കെ.എസ്. ന്റെ പരാമർശം (4) അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. രമേഷ് കെ.എസ്. ന്റെ **06-04-2024** മുതൽ **05-10-2024** വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, **06-10-2024** മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള **KSRs Part I Rule-56B(9), Note-2** പ്രകാരം പ്രവേശന കാലമായോ (**KSRs Part I Rule-127** പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ്-ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും (6ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) (**apportioned second**) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രമേഷ് കെ.എസ്., അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട
ധനകാര്യ വകപ്പ് (**e-3309699**/ഡെവ-**1/237/2025**-ധന നമ്പർ ഫയൽ പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (**EPB2/148/2025-LSGD** നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 15-12-2025 12:24:29**

സെക്ഷൻ ഓഫീസർ